VIII. പ്രത്യേക പരാമർശം

കർഷകരുടെ ആത്മഹത്യ യഥാസമയം കേന്ദ്രത്തെ അറിയിക്കാത്തതു സംബന്ധിച്ച്

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞങ്ങൾ ഈ സഭയിൽ നിരവധി പ്രാവശ്യം ഉന്നയിച്ചതും ചർച്ച ചെയ്തതുമായ വിഷയമാണ് കർഷകരുടെ ആത്മഹത്യയും കാർഷിക മേഖലയുടെ തകർച്ചയും. ഈ വിഷയം കേന്ദ്ര ഗവൺമെന്റിനെ ധരിപ്പിക്കുന്നതിന്റെ ഭാഗമായി മൂന്ന് മന്ത്രിമാരെ ഡെൽഹിയിൽ അയക്കുന്ന വിവരം മുഖ്യമന്ത്രി ഈ സഭയിൽ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞു. അവർ ഡെൽഹിയിൽ പോയി. ഡെൽഹിയിൽ നടന്ന ചർച്ചയെന്താണ്? 3,847 കോടി രൂപയുടെ പാക്കേജ് അവിടെപ്പോയി കൊടുത്തു എന്നു പറഞ്ഞു. യഥാസമയത്ത് പ്രശ്നങ്ങൾ അവതരിപ്പിക്കാത്തതിന്റെയും കർഷകർ ആത്മഹത്യ ചെയ്ത വിവരം അറിയിക്കാത്തതിന്റേയും ഫലമായി ഇതൊന്നും ഉൾപ്പെടുത്താൻ കഴിയില്ലെന്നും ഒരു പദ്ധതിയും ഒരു സഹായവും നമ്മുടെ സ്റ്റേറ്റിന് ഇല്ലെന്നും കേന്ദ്രമന്ത്രി ചിദംബരം പറഞ്ഞതായി പത്രത്തിൽ റിപ്പോർട്ട് വന്നതിന്റെ വെളിച്ചത്തിൽ അതു സംബന്ധിച്ച് കാര്യങ്ങൾബന്ധപ്പെട്ട മന്ത്രി സഭയിൽ വ്യക്തമാക്കണം.

മി. സ്പീക്കർ: ഇതൊക്കെ പത്രത്തിൽ വന്ന കാര്യങ്ങളല്ലേ.....

IX. ധനകാര്യം

2004-2005 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളേയും 1989-90, 1991-92, 1993-94, 1994-95, 1996-97, 1998-99, 1999-2000, 2000-2001, 2001-2002 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളേയും സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: 2004-2005 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളും 1989-90, 1991-92, 1993-94, 1994-95, 1996-97, 1998-99, 1999-2000, 2000-2001, 2001-02 എന്നീ സാമ്പത്തിക വർഷത്തേക്കുള്ള അധിക ധനാഭ്യർത്ഥനകളും: മന്ത്രിമാർ പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ഉപ ധനാഭ്യർത്ഥനകളെ സംബന്ധിച്ച പ്രമേയങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 80,00,000 രൂപയുടേയും, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,20,52,000 രൂപയുടേയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,68,58,000 രൂപയുടേയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly